**പതിമൂന്നാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

27.06.2013-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ.4332

# പോളിടെക്നിക്കുകളെ കമ്മ്യൂണിറ്റി കോളേജുകളാക്കുവാൻ നടപടി

| ചോദ്യം<br>ശ്രീ. കെ.എൻ.എ. ഖാദർ | മറുപടി<br>ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പമന്ത്രി) |
|---|---|
| എ) പോളിടെക്നിക്കുകളെ കമ്മ്യൂണിറ്റി കോളേജുകളാക്കുവാൻ എ.ഐ.സി.റ്റി.ഇ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) നിലവിലുള്ള ആർട്ട്സ് & സയൻസ് കോളേജും, പോളിടെക്നിക്കും വ്യവസായ സ്ഥാപനങ്ങളും തമ്മിൽ സഹകരിച്ചുകൊണ്ട് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുന്ന 'കമ്മ്യൂണിറ്റി കോളേജ്" രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും സ്ഥാപിക്കുന്നതിന് കേന്ദ്ര മാനവ വികസന വിഭവ മന്ത്രാലയം തീരുമാനിച്ചിട്ടുണ്ട്. ബന്ധപ്പെട്ടുന്ന ആർട്ട്സ് & സയൻസ് കോളേജിലും പോളിടെക്നിക്കിലും നിലവിലുള്ള ഭൗതിക സൌകര്യങ്ങളും ലാബുകളും വർക്ക്ഷോപ്പുകളും പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങാനാണ് ലക്ഷ്യമിടുന്നത്. |
| ബി) എങ്കിൽ ആയതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (ബി) കമ്മ്യൂണിറ്റി കോളേജ് കോഴ്സുകൾ നടത്തുന്നതിന് ആവശ്യമായ ഭൌതിക സൌകര്യങ്ങളുടെയും ലാബുകളുടെയും വർക്ക്ഷോപ്പുകളുടെയും ക്ലാസ് മുറികളുടെയും ലഭ്യത ബന്ധപ്പെടുന്ന ആർട്സ് & സയൻസ് കോളേജുകളിലും പോളിടെക്നിക്കുകളിലും ലഭ്യമായിരിക്കണം. നിലവിലുള്ള കോളേജ്/പോളിടെക്നിക്കുകളെ ബാധിക്കാത്ത രീതിയിൽ വ്യവസായ സ്ഥാപനങ്ങളും സഹകരണം ഉറപ്പുവരുത്തണം. |
| സി) കമ്മ്യൂണിറ്റി കോളേജുകളാക്കുന്ന എ.ഐ.സി.റ്റി.ഇ.യുടെ ധനസഹായമുള്ള സ്ഥാപനങ്ങളുടെ കൂട്ടത്തിൽ തിരൂരങ്ങാടി അവുക്കാദർ കുട്ടി നഹ പോളി | (സി) തിരൂരങ്ങാടി അവുക്കാദർ കുട്ടി നഹ പോളിടെക്നിക്കിനെ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടില്ല. |

ടെക്നിക്കിനെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

ഡി) ഏതൊക്കെ സ്ഥാപനങ്ങളെ (ഡി) യാണ് കേരളത്തിൽ ആയതി നായി തെരഞ്ഞെടുക്കപ്പെട്ടി ട്ടുള്ളത്; വിശദമാക്കുമോ?

താഴെ വിവരിക്കുന്ന രീതിയിൽ ആർട്സ് & സയൻസ് കോളേജുകളെയും പോളിടെക്നിക്കു കളെയും പരസ്പരം ബന്ധപ്പെടുത്തിക്കൊണ്ട് അഞ്ച് സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി കോളേജ് കോഴ്സുകൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനുള്ള പ്രൊപ്പോസൽ കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്.

| | ബന്ധപ്പെട്ട ആർട്സ് & സയൻസ് കോളേജും പോളിടെക്നിക്കും |
|---|---|
| 1 | ഗവൺമെന്റ് കോളേജ്, ആറ്റിങ്ങൽ, തിരുവനന്തപുരം<br>ഗവൺമെന്റ് പോളിടെക്നിക് കോളേജ്, ആറ്റിങ്ങൽ |
| 2 | ഗവൺമെന്റ് കോളേജ്, നാട്ടകം, കോട്ടയം<br>ഗവൺമെന്റ് പോളിടെക്നിക് കോളേജ്, നാട്ടകം, കോട്ടയം |
| 3 | സി. അച്യുതമേനോൻ ഗവൺമെന്റ് കോളേജ്, തൃശ്ശൂർ<br>മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ |
| 4 | ഗവൺമെന്റ് കോളേജ്, പട്ടാമ്പി<br>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിന്റിംഗ് ടെക്നോളജി & ഗവൺമെന്റ് പോളിടെക്നിക് കോളേജ്, ഷൊർണ്ണൂർ |
| 5 | പി.റ്റി.എം.ഗവൺമെന്റ് കോളേജ്, പെരിന്തൽമണ്ണ<br>ഗവൺമെന്റ് പോളിടെക്നിക് കോളേജ്, പെരിന്തൽമണ്ണ |

സെക്ഷൻ ഓഫീസർ